www.muthalakodamstgeorgechurch.com



# മുതലക്കോടത്ത് മുത്തപ്പൻ

## ഇടവക ബുള്ളറ്റിൻ

വാല്യം 39 ലക്കം 01 ജനുവരി 2024










പൗരോഹിത്യ അഭിഷേകത്തിന്റെ സിൽവർ ജൂബിലി
ആഘോഷിക്കുന്ന ജോൺ ചെറിയാനച്ചന് കുടുംബാംഗങ്ങളുടെ
എല്ലാവിധ പ്രാർത്ഥനകളും ആശംസകളും നേരുന്നു.



# Fr. Cherian John Maliekal

## Darjeeling Jesuits, West Bengal

Ordination :27/12/1998
Silver Jubilee : 27/12/2023

# മുതലക്കോടത്ത് മുത്തപ്പൻ






01 വികാരിയച്ചന്റെ സന്ദേശം

03 മുഖമൊഴി

05 ഇടവക വാർത്തകൾ

08 സംഘടനാ വാർത്തകൾ

11 വരുംദിനങ്ങൾ

13 ബൈബിൾ ക്വിസ്

15 വാർഡ് പ്രാർത്ഥന

16 തിരുവചനവായനകൾ



Patron Mar George Madathikandathil

Pulblished on First Sunday of everymonth

Phone : 04862 - 222786, 8281717867

E-mail : muthalakodam123@gmail.com



മാനേജിംഗ് എഡിറ്റർ റവ. ഡോ. ജോർജ് താനത്തുപറമ്പിൽ Mob : 9447128949

ചീഫ് എഡിറ്റേഴ്സ് റവ. ഫാ. ഡെർബിൻ കുരീക്കാട്ടിൽ Mob : 7736377170

റവ. ഫാ. അലൻ മരുതാമലയിൽ Mob : 9567056018

ശ്രീ. ജോയി വന്യംപറമ്പിൽ

എഡിറ്റേഴ്സ് ശ്രീമതി ഗ്രേസി തോമസ് പാറയിൽ

സിസ്റ്റർ. ടെൽമ എസ്.എച്ച്

ശ്രീ. ജോർജ് ജോൺ കൊച്ചുപറമ്പിൽ

ശ്രീ. റ്റി.എ. ജോർജ് തുറയ്ക്കൽതെക്കേക്കര

ശ്രീ. ജോസഫ് കെ. സി. കുന്നത്ത്

ശ്രീ. കെ. വി. ആന്റണി കിഴക്കേത്തിൽ

ശ്രീ. ജോസഫ് തോട്ടത്തിമ്യാലിൽ

ശ്രീമതി ദീപ സുനീഷ് കൊച്ചുപറമ്പിൽ


16-ാമത് വിവാഹ വാർഷികം
10-01-2024
Galeeliyo Mathai &Joshma Galeeliyo
Best Compliments from
Siya Maria Galeeliyo,San Varghese Galeeliyo



# വികാരിയച്ചന്റെ സന്ദേശം

## ദനഹാതിരുനാൾ

ജനുവരി 6 ന് ദനഹാതിരുനാളാണ്. ഉദയം, വെളിപ്പെടുത്തൽ എന്നൊക്കെയാണ് ദനഹായുടെ അർത്ഥം. യേശുവിന്റെ യോർദ്ദാൻ നദിയിലെ സ്നാനം ഈ തിരുനാളിൽ അനുസ്മരിക്കുന്നു. ജ്ഞാന സ്നാനം മുതൽ ദൈവപുത്രന്റെ വെളിപ്പെടുത്തലാണ്.

**മൂന്ന് ശുശ്രൂഷകൾ**

മാമ്മോദീസയിൽ മൂന്ന് ശുശ്രൂഷകളാണുള്ളത്. 1. വിശ്വാസം ഏറ്റുപറയുന്നു. സാത്താനെ ഉപേക്ഷിച്ച് സത്യവിശ്വാസം സ്വീകരിക്കുന്നു. യേശു വെളിപ്പെടുത്തിയ ജ്ഞാനത്തിലേയ്ക്ക് മുങ്ങുകയാണ്. അതുകൊണ്ട് ജ്ഞാനസ്നാനം എന്നു പറയുന്നത്. 2. വെള്ളം ആശീവർദിക്കുന്നു. യേശുവിന്റെ തിരുവിലാവിൽ നിന്നൊഴുകിയ വെള്ളമായിത്തീരാൻ വൈദികൻ പ്രാർത്ഥിക്കുന്നു. തിരുവിലാവിൽ നിന്നും രക്തവും വെള്ളവും ഒഴുകി. ആ വെള്ളം മാമ്മോദീസായുടെ പ്രതീകമാണ്. ആ വെള്ളത്തിലാണ് മാമ്മോദീസാ മുക്കുന്നത്. 3. വിശുദ്ധ തൈലം പൂശുന്നു. തൈലം പരിശുദ്ധാത്മാവിന്റെ പ്രതീകമാണ്. അങ്ങനെ പരിശുദ്ധാത്മ അഭിഷേകം പ്രാപിക്കുന്നു.

**മൂന്നു ഫലങ്ങൾ**

മൂന്നു ഫലങ്ങളാണ് മാമ്മോദീസയിലൂടെ പ്രാപിക്കുന്നത്. 1. ദൈവത്തിന്റെ മക്കളാകുന്നു. ദൈവം നമ്മുടെ പിതാവും നമ്മൾ പുത്രരുമാകുന്നു. മാമ്മോദീസായിലൂടെ ഒരു പുനർജന്മം പ്രാപിച്ച് ദൈവത്തിന്റെ പുത്രീ പുത്രരാകുന്നു. 2. രാമതായി അമർത്യതയെ പ്രാപിക്കുന്നു. ദ്രവത്വമുള്ള ശരീരം, മർത്യശരീരം അമർത്യതയെ പ്രാപിക്കുന്നു. വെള്ളവസ്ത്രം അമർത്യതയുടെ അടയാളമാണ്. 3. പരിശുദ്ധാത്മാവ് നമ്മിൽ വാസമുറപ്പിക്കുന്നു. നമ്മുടെ ശരീരം ദൈവത്തിന്റെ ആലയമായി മാറുന്നു.

**യേശുവിന്റെ മാമ്മോദീസ**

യേശുക്രിസ്തുവിന് ജ്ഞാനസ്നാനം ആവശ്യമായിരുന്നോ ? യേശുക്രിസ്തുവിന് പുത്രത്വം (പുത്ര സ്വീകാര്യം) മാമ്മോദീസായിലൂടെ ഏല്ക്കേ ആവശ്യമില്ല. അമ്മയുടെ ഉദരത്തിൽ ഉരുവായത് പരിശുദ്ധാത്മാവിനാലാണ് നിത്യജീവൻ നല്കാൻ വന്ന യേശുവിന് നിത്യജീവൻ, അമർത്യത മാമ്മോദീസ വഴി പ്രാപിക്കേ കാര്യമില്ല. അവൻ ദൈവപുത്രനാണ്.

യേശുവിന്റെ ഇന്ദ്രിയങ്ങളിലൂടെ പരിശുദ്ധ ത്രിത്വം വെളിപ്പെടാനാണ് ഈശോ മാമ്മോദീസ സ്വീകരിച്ചത്. സ്വർഗ്ഗത്തിന്റെ നീതി വെളിപ്പെടുകയാണ്. ദൈവം ആരാണെന്ന്, പരിശുദ്ധ ത്രിത്വമാണെന്നും ദൈവത്തിന്റെ നീതി അഥവാ ദൈവഹിതം പുത്രനിലൂടെ വെളിപ്പെടുകയാണെന്നും നമുക്കു മനസ്സിലാക്കിത്തരുന്നു.

ദൈവത്തിന്റെ കുഞ്ഞാട് എന്ന സ്നാപകയോഹന്നാന്റെ സംബോധന യേശുവിന്റെ വെള്ളത്തിലേയ്ക്കുള്ള ഇറക്കം അഥവാ കുരിശിലെ മരണത്തെ പ്രകാശിപ്പിക്കുന്നു. വെള്ളത്തിൽ നിന്ന് യേശു കയറുമ്പോൾ സ്വർഗ്ഗം തുറക്കപ്പെട്ടു. യേശുവിനു മുകളിൽ സ്വർഗം തുറന്നു നിൽക്കുന്നു. ദൈവഹിതം പൂർണ്ണമായി പൂർത്തിയാക്കപ്പെടുന്ന ഇടമാണ് സ്വർഗം. യേശു സർവനീതിയും പൂർത്തിയാക്കി ദൈവഹിതം നിറവേറ്റുന്നതിലൂടെ സ്വർഗം തുറക്കപ്പെടുന്നു.

ആത്മാവ് പ്രാവിനെപ്പോലെ ഇറങ്ങി വന്നു. സ്വർഗ്ഗത്തിൽ നിന്ന് ഒരു ശബ്ദമുായി. ആ സ്വർഗ്ഗീയ സ്വരം നീ എന്റെ പ്രിയപുത്രൻ. സ്വർഗ്ഗീയപിതാവ് യേശു ആരാണെന്നാണ് വെളിപ്പെടുത്തുന്നത്. ദൈവത്തിന്റെ പ്രിയപ്പെട്ട പുത്രനാണ് യേശു. ദൈവം ത്രിത്വമാണ് എന്ന രഹസ്യമാണ് ഇവിടെ വെളിപ്പെടുന്നത്. യേശുവിന്റെ പരസ്യ ജീവിതത്തിന്റെ ആരംഭത്തിൽ സംഭവിച്ച ഈ വെളിപാട് പരസ്യജീവിതത്തിന്റെ അവസാനത്തിൽ പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ മാമ്മോദീസ മുക്കുവാനുള്ള ആഹ്വാനത്തിലേയ്ക്ക് എത്തി നിൽക്കുന്നു.

യേശു മാമ്മോദീസ സ്വീകരിച്ചത് പരിശുദ്ധ ത്രിത്വത്തെ വെളിപ്പെടുത്താനാണ്. അതുകൊ് യേശു സ്വീകരിച്ച മാമ്മോദീസയും ക്രിസ്തീയ മാമ്മോദീസയും വ്യത്യസ്തമാണ്. ഈശോ പറഞ്ഞു പിതാവിന്റേയും പുത്രന്റേയും നാമത്തിൽ സ്നാനം നൽകുവിൻ. അതിന് ത്രിത്വം അറിയണം. അതു വെളിപ്പെടുത്തുകയാണ് യേശുവിന്റെ മാമ്മോദീസ.

സ്നാപകൻ നല്കയിത് മാനസാന്തരത്തിന്റെ സ്നാനമാണ്. വെള്ളം കൊ് ശുദ്ധീകരണത്തിനുള്ള ഒരു കഴുകൽ മാത്രം. അനുതപിച്ചു എന്നതിന്റെ അടയാളമായിരുന്നു അത്.

ക്രിസ്തുവിൽ നിന്ന് നിങ്ങൾ സ്വീകരിച്ച അഭിഷേകം നിങ്ങളിൽ നിലനില്ക്കുന്നു. അവന്റെ അഭിഷേകം എല്ലാക്കാര്യങ്ങളും നിങ്ങളെ പഠിപ്പിക്കും (1 യോഹ. 2:27). ത്രീയേക ദൈവത്തിന്റെ കൂട്ടായ്മയിലേയ്ക്ക് മാമ്മോദീസയിലൂടെ പ്രവേശനം നല്കിയ ദൈവത്തിന് നന്ദിപറയാം.

റവ. ഡോ. ജോർജ്ജ് താനത്തുപറമ്പിൽ
വികാരിയച്ചൻ





# മുഖമൊഴി

ദൈവീക കാരുണ്യത്തിന്റെ നിദാനമെന്നോണം ഒരു ദനഹാക്കാലം കൂടി നമ്മുടെ ജീവിതത്തിലേയ്ക്ക് കടന്നു വന്നിരിക്കുകയാണ്. ഇവിടെ നാം ധ്യാനവിഷയമാക്കുന്നത് ഈശോയുടെ മാമ്മോദീസാ അഥവാ ദനഹാത്തിരുന്നാൾ ആണ്.

ആദിമസഭയിലെ ആദ്യത്തേതും അതിപ്രധാനവുമായ തിരുനാളായിരുന്നു ദനഹാ. ദനഹാ എന്ന പദത്തിന് ഉദയം, പ്രകാശനം, പ്രത്യക്ഷീകരണം എന്നൊക്കെ അർത്ഥമു്. പുരാതനകാലം മുതൽ രാജാക്കന്മാരുടെ ജീവിതത്തിലെ ചില പ്രധാന സംഭവങ്ങളെ സൂചിപ്പിക്കുവാൻ ദനഹാ എന്ന വാക്ക് ഉപയോഗിച്ചിരുന്നു. അതുകൊാവാണം സർവ്വലോകത്തിന്റെയും രാജാധിരാജനും കൃപാവര സമ്പൂർണ്ണനുമായ വി. പൗലോസ് ശ്ലീഹാ തീത്തോസിനെഴുതിയ ലേഖനം 2:11-ൽ ഈ പദം ഉപയോഗിക്കുന്നത്.

ദനഹാത്തിരുന്നാളിന്റെ ഇപ്രകാരമുള്ള അർത്ഥപശ്ചാത്തലത്തിൽ നിന്നുകൊ് ഈ തിരുനാൾ യഥാർത്ഥത്തിൽ നമുക്ക് നൽകുന്ന സന്ദേശമെന്താണെന്ന് ഒരു നിമിഷം നമുക്ക് ധ്യാനിക്കാം. നിരപരാധി കുരിശുമരണത്തിന് വിധിക്കപ്പെടുന്നു. പാപമില്ലാത്തവൻ പാപികളുടെ അനുതാപത്തിന്റെ അടയാളമായി കരുതപ്പെട്ടിരുന്ന മാമ്മോദീസാ സ്വീകരിക്കുന്നു. ക്രിസ്തുവിശ്വാസികളായ ആദിമക്രൈസ്തവരെ സംബന്ധിച്ചിടത്തോളം ഇതിലും വലിയൊരു അപമാനമോ, ഉതപ്പോ ഇല്ലായിരുന്നു. തങ്ങൾ വിശ്വസിക്കുന്ന രക്ഷകനായ ക്രിസ്തു യാതൊരു പാപക്കറയും ഇല്ലാത്തവനാണ് എന്ന തങ്ങളുടെ വിശ്വാസത്തിന് മുന്നിൽ ഒരു ചോദ്യചിഹ്നമായാണ് ഈശോയുടെ മാമ്മോദീസ ഉയർന്നുവരുന്നത്. ഇങ്ങനെ സംശയിച്ചു നിൽക്കുന്ന ആദിമസമൂഹത്തെ നോക്കിയാണ് മത്തായി സുവിശേഷകൻ ഈശോയുടെ മാമ്മോദീസായെക്കുറിച്ച് പറയുന്നത് 3:13-17 വരെയുള്ള വചനഭാഗത്തിലൂടെ ഈശോയുടെ ജ്ഞാനസ്നാന സംഭവത്തെ വിവരിച്ചുകൊ് സുവിശേഷകൻ പറയാതെ പറയുന്നു. നിങ്ങൾ കരുതുംപോലെ അവൻ പാപിയായത് കൊ് പാപങ്ങളുടെ മോചനത്തിനായല്ല മാമ്മോദീസാ സ്വീകരിച്ചത്. പകരം, പാപികളായ നമ്മുടെ

മോചനത്തിന് വേി നമ്മോട് ചേരാനാണ് അവൻ ജ്ഞാനസ്നാനം സ്വീകരിച്ചത്. പാപിയല്ലാതിരുന്നിട്ടും പാപികൾക്കുള്ള ശിക്ഷയായ കുരിശുമരണം നിശബ്ദനായി നിന്ന് സ്വീകരിച്ചതുപോലെ അതുതന്നെയാണ് മാമ്മോദീസ വേളയിൽ സ്വർഗ്ഗം തുറന്ന് പിതാവും സാക്ഷ്യപ്പെടുത്തുന്നത് ഇവൻ എന്റെ പ്രിയപുത്രനാണ് എന്ന്.

മനുഷ്യന്റെ അഹങ്കാരത്തിൽ നിന്നുായ പാപത്തിനുള്ള മറുപടിയായി ദൈവം കാലിത്തൊഴുത്തിൽ പിറന്നതിന്റെ ഓർമ്മയെ ധ്യാനിക്കുകയായിരുന്നു നാം കഴിഞ്ഞയാഴ്ചകളിൽ. സ്വത്തിനും ആഢംബരത്തിനും പ്രശസ്തിക്കുമായി നെട്ടോട്ടമോടുന്ന ഇന്നത്തെ സമൂഹത്തെ ഒന്ന് ഇരുത്തി ചിന്തിപ്പിക്കുവാൻ തന്നെയാണ് സർവ്വാധിപനായവൻ എല്ലാമുപേക്ഷിച്ച് ഈ ഭൂമിയിൽ ജനിച്ച് ദരിദ്രജീവിതം നയിച്ച് കടന്നുപോയത്. സ്വന്തം താത്പര്യങ്ങൾക്കും നേട്ടങ്ങൾക്കുമായി ഓടുമ്പോൾ, എവിടെയും ഒന്ന് ചെറുതായി കൊടുക്കുവാൻ കഴിയാതെ വരുമ്പോൾ നമ്മിലെ ക്രിസ്തുഭാവമാണ് നാം നഷ്ടമാക്കുന്നത്. മറ്റുള്ളവരുടെ മുമ്പിൽ എളിമപ്പെടുന്നതും അവരെ അംഗീകരിക്കുന്നതും ഒരു പരാജയമല്ല. മുഖത്ത് നോക്കി സംസാരിക്കുവാനോ ചിരിക്കുവാനോ പോലും കഴിയാത്തവിധം നമ്മുടെ ഭവനങ്ങളിലെ ബന്ധങ്ങൾ അകലുന്നുങ്കെിൽ അതിന് കാരണം ജീവിത പങ്കാളിയുടെ കഴിവുകളേയും കുറവുകളേയും അംഗീകരിക്കുവാനോ മനസ്സിലാക്കാനോ കഴിയാതെ പോകുന്നതാണ്.

അതുകൊ് ഈ ദനഹാത്തിരുന്നാളിൽ നമ്മോട് പറഞ്ഞു വയ്ക്കുകയാണ്. സ്വയം എളിമപ്പെട്ട് കാലിത്തൊഴുത്തിൽ പിറന്ന് പാപമോചനത്തിന്റെ സ്നാനം സ്വീകരിക്കുവാൻ, തന്നെക്കാൾ ചെറുതായവന്റെ മുന്നിൽ മുട്ടുകൾ മടക്കി, ശിരസ്സ് നമിച്ച്, കാൽവരിയിലെ കുരിശിലേയ്ക്ക് നടന്നുപോയവൻ, ഈ ലോകത്തിന് പ്രകാശമായതു പോലെ അവിടുത്തെ ശിഷ്യഗണങ്ങളിലംഗമായ നാമോരോരുത്തരും അവനെപ്പോലെ വിനയത്തിന്റെയും എളിമയുടെയും പാഠങ്ങൾ പഠിച്ച്, മറ്റുള്ളവരെ തന്നെക്കാൾ വലിയവരായി കാണുവാനും അവരെ അംഗീകരിക്കുവാനും പഠിക്കുവാൻ. ജീവിതം എപ്പോഴും നിരന്തരമായ നവീകരണത്തിന് വിധേയമാക്കി കൊിരിക്കുവാൻ. ദൈവഹിതത്തിന് പൂർണ്ണമായി വിധേയപ്പെടാനും പഠിക്കുക. അവിടെ നാമും ലോകത്തിന് പ്രകാശമായിത്തീരും. ദൈവപിതാവ് നമ്മെയും നോക്കിപ്പറയും. ഇവൻ എന്റെ പ്രിയപുത്രൻ/പുത്രി. ഇവനിൽ ഞാൻ സംപ്രീതനായിരിക്കുന്നു.

ഒത്തിരി സ്നേഹത്തോടെ

ഫാ. ഡെൽബിൻ കുരീക്കാട്ടിൽ

ഫാ. അലൻ മരുതാമലയിൽ

# ഇടവക വാർത്തകൾ



## പുതുവർഷ ആരംഭം

എല്ലാവർക്കും പുതുവർഷത്തിന്റെ മംഗളങ്ങൾ സ്നേഹപൂർവ്വം നേരുന്നു.

## ദനഹാ തിരുനാൾ

ജനുവരി 6-ാം തീയതി ദനഹാ തിരുനാൾ ആചരിക്കുന്നു. ഈശോ സ്നാപകയോഹന്നാനിൽ നിന്ന് ജോർദ്ദാൻ നദിയിൽ വെച്ച് ജ്ഞാനസ്നാനം സ്വീകരിച്ച് പരസ്യജീവിതം ആരംഭിച്ചതിന്റെ ഓർമ്മയാചരണമാണ് ദനഹ.

## വാർഡ് വാർഷികം 2023-2024

നമ്മുടെ ഇടവകയുടെ വാർഡ് കൂട്ടായ്മകളുടെ വാർഷികങ്ങൾ ജനുവരി 2നു ആരംഭിക്കുകയാണ്. വാർഡ് വാർഷികങ്ങൾ ക്രമീകരിക്കുവാൻ സഹായകമാകുന്ന ഏതാനും കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

### സമയക്രമീകരണം

5.00 pm പ്രാർത്ഥന

5.15 pm മത്സരങ്ങൾ

6.30 pm സമാപന സമ്മേളനം

8.00 pm സ്നേഹവിരുന്ന്

9.00 pm സ്വഭവനങ്ങളിലേയ്ക്ക്

### കാര്യപരിപാടി

ഈശ്വരപ്രാർത്ഥന

സ്വാഗതം - ജോയിന്റ് സെക്രട്ടറി

വാർഷിക റിപ്പോർട്ട് - സെക്രട്ടറി

അദ്ധ്യക്ഷപ്രസംഗം - വാർഡ് പ്രസിഡന്റ്

അച്ചന്റെ സന്ദേശം

കലാപരിപാടികൾ

സമ്മാനദാനം

നന്ദി – വൈസ് പ്രസിഡന്റ്

<u>**മത്സരയിനങ്ങൾ**</u>

**കുട്ടികൾ (5 വയസിനു താഴെ)**

1. പുഞ്ചിരി മത്സരം
2. മിഠായി പെറുക്കൽ

**കുട്ടികൾ (6 – 18 വയസ്)**

1. ബോൾ പാസിംഗ്
2. കസേരകളി
3. തിരികത്തിച്ച് ഓട്ടം

**മുതിർന്നവർ**

1. ബോൾ പാസിംഗ് (എല്ലാവരും ഒന്നിച്ച്)
2. കസേരകളി
3. കുപ്പിയിൽ വെള്ളം നിറയ്ക്കൽ (ഒരു കുടുംബത്തിലെ 3 പേർ)

**മുതിർന്നവർ (60 വയസിനു മുകളിൽ)**

1. പുഞ്ചിരി മത്സരം (എല്ലാവരും ഒന്നിച്ച്)

ഇവ കൂടാതെ മറ്റ് മത്സരങ്ങളും നടത്താവുന്നതാണ്.

മത്സരത്തിനായി ഉപയോഗിക്കേ സാധനങ്ങൾ (തിരി, മിഠായി, കുപ്പി, വെള്ളം എന്നിവ) മുൻകൂട്ടി കരുതിവയ്ക്കേതിനായി ശ്രദ്ധിക്കുക.

മത്സരങ്ങളുടെ എണ്ണമനുസരിച്ച് സമ്മാനാർഹരാകുന്ന ഒന്നും രും സ്ഥാനക്കാർക്കുള്ള സമ്മാനങ്ങളും കരുതി വയ്ക്കുക.

# കുന്നം കപ്പേള തിരുനാൾ

ഈ വർഷത്തെ കുന്നം കപ്പേള തിരുനാൾ ജനുവരി 20, 21 (ശനി, ഞായർ) തീയതികളിൽ നടത്തുന്നു.

## 20.01.2024 ശനി

8.30 am കൊടിയേറ്റ്, തിരുസ്വരൂപ പ്രതിഷ്ഠ

4.15 pm ലദീഞ്ഞ്

ആഘോഷമായ തിരുനാൾ കുർബാന

**റവ. ഫാ. ജോർജ് പീച്ചാണിക്കുന്നേൽ**

സന്ദേശം : **റവ. ഫാ. മാത്യൂ രാമനാട്ട്**

6.00 pm പ്രദക്ഷിണം

## 21.01.2024 ഞായർ

6.00 am വി. കുർബാന

7.15 am വി. കുർബാന

10.00 am ലദീഞ്ഞ്, തിരുനാൾ കുർബാന

**റവ. ഫാ. ചാൾസ് തെക്കെതൊട്ടിയിൽ (MSJ)**

സന്ദേശം : **റവ. ഫാ. ജോസഫ് മഠത്തിൽ**

12.00 pm പ്രദക്ഷിണം

4.30 pm വി. കുർബാന


**വിവാഹ ഒരുക്ക സെമിനാർ**

മൂവാറ്റുപുഴ, നെസ്റ്റ്

**ജനുവരി 4 - 6, 18-20**

**ഫോൺ : 0485 2830035 (10.00-4.00)**

**മൊബൈൽ : 9495011191, 9539658158**

**Online on : www.familyapostalateklm.com**




# സംഘടനാ വാർത്തകൾ

## സൺഡേ സ്കൂൾ

- രൂപതാ തലത്തിൽ നടന്ന പിടിഎ മീറ്റിംഗിൽ നമ്മുടെ സൺഡേ സ്കൂൾ പിടിഎ പ്രസിഡന്റ് ശ്രീ. ടോം. ജെ. കല്ലറയ്ക്കൽ, എം.പി.ടി.എ പ്രസിഡന്റ് ശ്രീമതി സോണിയ ജെനി കുന്നേൽ, എം.പി.ടി.എ വൈസ് പ്രസിഡന്റ് ജൂഡിറ്റ് ജോർജ് കുന്നത്ത്പാലയ്ക്കൽ എന്നിവർ സംബന്ധിച്ചു.
- മതാധ്യാപകർക്കായി രൂപതാ തലത്തിൽ നടത്തിയ ഉപന്യാസ മത്സരത്തിൽ നമ്മുടെ സൺഡേ സ്കൂൾ അധ്യാപിക സിസ്റ്റർ പുഷ്പ മരിയ കോലംകുഴിയിൽ മൂന്നാം സ്ഥാനത്തിന് അർഹയായി. അഭിനന്ദനങ്ങൾ.

## ചെറുപുഷ്പ മിഷൻ ലീഗ്

- ക്രിസ്മസിനൊരുക്കമായി 25 ദിവസവും കുട്ടികൾക്ക് പ്രാർത്ഥനകളും സുകൃതജപങ്ങളുമടങ്ങിയ പോസ്റ്ററുകൾ ഗ്രൂപ്പിൽ നൽകി.
- ക്രിസ്മസിനോടുബന്ധിച്ച് ശാഖയ്ക്ക് നല്കപ്പെട്ടിരിക്കുന്ന അദിലാബാദ് തംസി മിഷൻ ഗ്രാമത്തിലേയ്ക്ക് കേക്കുകൾ വാങ്ങുന്നതിനാവശ്യമായ സാമ്പത്തിക സഹായം ചെയ്തു.
- കൈത്താങ്ങ് പദ്ധതിയുലൂടെ സമാഹരിച്ച വസ്ത്രങ്ങൾ, നിത്യോപയോഗ സാധനങ്ങൾ പഠനോപകരണങ്ങൾ തുടങ്ങിയവ അനാഥാലയത്തിലും നിർധനരായവർക്കും കൈമാറി
- വചനമാസത്തോട് അനുബന്ധിച്ച് എല്ലാ ഞായറാഴ്ചകളിലും പത്തുമണിയുടെ വിശുദ്ധ കുർബാനയ്ക്ക് മുമ്പായി വചനപാരായണം നടത്തി.
- ഒറീസ മിഷന് ശാഖയിൽ നിന്നും വസ്ത്രങ്ങൾ നൽകി സഹായിച്ചു
- The Face of The Faceless എന്ന സിസ്റ്റർ റാണി മരിയയുടെ ജീവിതം ആസ്പദമാക്കിയുള്ള സിനിമ കാണിക്കുന്നതിനായി കുട്ടികളെ കൊ

- ക്രിസ്മസ് ആഘോഷം : ക്രിസ്മസ് ഫ്രിനെ തെരഞ്ഞെടുത്ത് സമ്മാനങ്ങൾ കൈമാറി പ്രാർത്ഥിച്ചു. ഒപ്പം സമ്മാനങ്ങൾ കൈമാറി പ്രാർത്ഥിച്ചു. ഒപ്പം ശ്രീമതി ആലീസ് പള്ളത്തിന്റേയും ശ്രീമതി ഷൈനി സ്റ്റീഫന്റേയും നേതൃത്വത്തിൽ ക്രിസ്മസ് ആഘോഷം നടത്തുകയും കേക്ക് മുറിച്ച് സന്തോഷം പങ്കുവയ്ക്കുകയും ചെയ്തു.
- അഭിനന്ദനങ്ങൾ : രൂപതാ മാതൃവേദിയുടെ 14 ഫൊറോനകളിലെ മാതാക്കളെ പങ്കെടുപ്പിച്ച് നടത്തിയ കരോൾ ഗാനമത്സരത്തിൽ മുതലക്കോടം ഫൊറോനയിലെ മാതാക്കൾ 1ാം സ്ഥാനം കരസ്ഥമാക്കി. പങ്കെടുത്ത അമ്മമാർക്കും അവരെ സഹായിച്ചവർക്കും അഭിനന്ദനങ്ങൾ
- യൂണിറ്റ് വാർഷികം : മാതൃവേദി മുതലക്കോടം യൂണിറ്റിന്റെ 66-ാമത് വാർഷിക സമ്മേളനം 14.01.2024 ഉച്ചയ്ക്ക് 1.30 ന് മുതലക്കോടം സെന്റ് ജോർജ് യു.പി. സ്കൂളിൽ വെച്ച് നടത്തപ്പെടുന്നു. വിവിധ കലാപരിപാടികൾ, മത്സര വിജയികൾക്ക് സമ്മാനം, മാതൃവേദിയിലെ മുതിർന്ന മാതാക്കളെ ആദരിയ്ക്കൽ, പുതിയ അംഗത്വ സ്വീകരണം, സ്നേഹവിരുന്ന് എന്നിവ ഉായിരിക്കും. എവരും എത്തിച്ചേരുമല്ലോ.

## കത്തോലിക്കാ കോൺഗ്രസ്

- SMAMസ്കീം: SMAM മൂന്നാം ഘട്ടം സ്കീമിന്റെ ഘട്ടത്തിൽ 50% ഗവൺമെന്റ് സബ്സിഡി ലഭിക്കുന്ന കാർഷിക ഉപകരണങ്ങൾക്കായി കത്തോലിക്കാ കോൺഗ്രസ് ഹെൽപ് ഡെസ്ക് വഴി അപേക്ഷ സമർപ്പിച്ച കർഷകർക്ക് അനുവദിച്ച വിവിധ കാർഷിക യന്ത്രങ്ങൾ 03.12.2023 ന് നടന്ന ചടങ്ങിൽ ബഹു. വികാരിയച്ചൻ വിതരണം ചെയ്തു.
- KSSS ന് കൈത്താങ്ങ് രൂപതയിലെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്ന പ്രമുഖ സംഘടനയാണ് കോതമംഗലം സോഷ്യൽ സർവീസ് സൊസൈറ്റി KSSS. സംഘടനയുടെ ആഭിമുഖ്യത്തിൽ വിവിധതരം നിത്യോപയോഗ സാധനങ്ങൾ നിർമ്മിച്ച് മിതമായ നിരക്കിൽ വിപണനം ചെയ്തു വരുന്നു. ഇതു വഴി ലഭിക്കുന്ന ലാഭം സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുകയാണ് ലക്ഷ്യം. ഇത്തരം ഉല്പന്നങ്ങളുടെ ഒരു പ്രത്യേക സ്റ്റാൾ 10.12.23ന് സൺഡേ മാർക്കറ്റിൽ തുറന്നു. പരിപാടിയുടെ ഉദ്ഘാടനം ബഹു. വികാരിയച്ചന്റെ സാന്നിദ്ധ്യത്തിൽ KSSS ഡയറക്ടർ റവ. ഫാ. ജോർജ്ജ് പൊട്ടയ്ക്കൽ നിർവ്വഹിച്ചു.
- അതിജീവന യാത്രയ്ക്ക് സ്വീകരണം : കേരളത്തിലെ കാർഷിക മേഖല നേരിടുന്ന പ്രശ്നങ്ങൾ സത്വരമായി പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട്

പോവുകയും സിനിമ കത് വഴി കുട്ടികളെ സ്വാധീനിച്ച അനുഭവങ്ങൾ, ചിന്തകൾ എന്നിവ ഉൾപ്പെടുത്തി വിശകലനത്തെക്കുറിപ്പ് കുട്ടികൾ തയ്യാറാക്കുകയും ചെയ്തു.

- The Face of The Faceless സിനിമയുടെ എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ ആയിരുന്ന ശ്രീ. രഞ്ജൻ അബ്രാഹം കുട്ടികളുമായി സിനിമയുടെ ചിത്രീകരണ അനുഭവങ്ങൾ പങ്കുവയ്ക്കുകയും ബഹു. വികാരിയച്ചൻ മെമന്റോ നൽകി അദ്ദേഹത്തെ ആദരിക്കുകയും ചെയ്തു.
- അമലോത്ഭവ മാതാവിന്റെ തിരുനാൾ ദിനത്തിൽ മരിയൻ സോഡാലിറ്റി പ്രാർത്ഥനയും ജപമാലയും നടത്തി.
- ക്രിസ്മസ് ദിനത്തിൽ പാതിരാകുർബാനയ്ക്കു ശേഷം കുട്ടികൾ കരോൾ ഗാനവും ഡാൻസും അവതരിപ്പിച്ചു.
- ക്രിസ്മസ് ഫാമിലി എന്ന പേരിൽ ക്രിസ്മസ് ദിനത്തിൽ രാത്രി 12 മണിയുടെ കുർബാനയിൽ കുടുംബസമേതം എത്തിച്ചേർന്ന കുടുംബത്തിന് നറുക്കെടുപ്പിലൂടെ സമ്മാനം നൽകി.
- ക്രിസ്മസ് ദിനത്തിൽ രാത്രി 12 മണിയുടെ കുർബാനയ്ക്ക് വന്ന കുട്ടികൾ അപ്പസ്തോല പ്രവർത്തനം 4:12 വചനം മനഃപാഠമാക്കി പള്ളിയിൽ വച്ചിരുന്ന ക്രിസ്മസ് സ്റ്റാർ എന്ന ബോക്സിൽ നിക്ഷേപിക്കുകയും നറുക്കെടുപ്പിലൂടെ തെരഞ്ഞെടുക്കപ്പെട്ട കുട്ടിക്ക് സമ്മാനം നൽകുകയും ചെയ്തു.
- ക്രിസ്മസിന് ഒരുക്കമായി 25 ദിവസവും വിശുദ്ധ കുർബാനയിൽ സംബന്ധിച്ച കുട്ടികൾക്ക് സമ്മാനങ്ങൾ നൽകി.  ബംപർ സമ്മാനമായി ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഓരോ സൈക്കിൾ വീതം നൽകി
- ക്രിസ്മസ് ദിനത്തിൽ രാത്രി 12 മണിയുടെ കുർബാനയ്ക്കുശേഷം മിഷൻ ലീഗിന്റെ നേതൃത്വത്തിൽ ക്രിസ്മസ് ട്രീ ഒരുക്കി.

## കെസിവൈഎം

- മുതലക്കോടം കെസിവൈഎം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ 150 ഓളം പൊതിച്ചോർ വിതരണം ചെയ്തു.
- നമ്മുടെ ഇടവകയിൽ വെച്ചു നടന്ന ഓൾ കേരള എക്യുമെനിക്കൽ കരോൾ ഗാന മത്സരത്തിന് വേ സഹായം ചെയ്തു.

## മാതൃവേദി

- കഴിഞ്ഞ മാസ സമ്മേളനം : ബഹു. തോമസ് പെരിയപ്പുറം അച്ചന്റെ നിര്യാണത്തിൽ അനുശോചിക്കുകയും ആത്മശാന്തിക്കായി, ആനിമേറ്റർ റവ. സി. മരിയയുടെ നേതൃത്വത്തിൽ പ്രത്യേകം പ്രാർത്ഥന നടത്തുകയും ചെയ്തു.

കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ പ്രസിഡന്റ് അഡ്വ. ബിജു പറയന്നിലം 11.12.23ന് കാസർകോഡ് നിന്ന് ആരംഭിച്ച കർഷക അതിജീവനയാത്രയ്ക്ക് തൊടുപുഴയിൽ സമുചിതമായ സ്വീകരണം നൽകി. യാത്ര 22.12.23ന് തിരുവനന്തപുരത്ത് സമാപിച്ചു.

- ഗ്രീൻവാലി ഉത്പന്നങ്ങൾ രൂപത കേന്ദ്രത്തിലേയ്ക്ക് : സംഘടനയുടെ നേതൃത്വത്തിൽ ഗ്രീൻവാലി അഗ്രോഫാമിൽ ഉത്പാദിപ്പിക്കുന്ന വിവിധ കാർഷിക ഭക്ഷ്യോത്പന്നങ്ങൾ രൂപതാ ഊട്ടുശാലയ്ക്ക് നൽകി. ഇവയടങ്ങുന്ന കൺസൈൻമെന്റ് 10.12.23ന് KSSS ഡയറക്ടർക്ക് ബഹു. വികാരിയച്ചൻ കൈമാറി.

## വരുംദിനങ്ങൾ

| | | |
|---|---|---|
| 01 | തിങ്കൾ | വർഷാരംഭം |
| 03 | ബുധൻ | വി. ചാവറ കുര്യാക്കോസ് ഏലിയാസ് |
| 05 | വെള്ളി | ആദ്യവെള്ളി |
| 06 | ശനി | ദനഹാതിരുനാൾ |
| 12 | വെള്ളി | വി.യോഹന്നാൻ മാംദാന |
| 20 | ശനി | വി. സെബസ്ത്യാനോസ് |
| | | കുന്നം കപ്പേളതിരുനാൾ |
| 21 | ഞായർ | തിരുനാൾ പള്ളിയിൽ |
| 24 | ബുധൻ | വി. ഫ്രാൻസീസ് ഡി സാലസ് |
| 26 | വെള്ളി | റിപ്പബ്ലിക് ദിനം |
| 27 | ശനി | വി. തോമസ് അക്വിനാസ് |
| 30 | ചൊവ്വ | ലോകസമാധാന ദിനം |
| 31 | ബുധൻ | വി. ജോൺ ബോസ്കോ |

# കുടുംബവാർത്തകൾ

## നിത്യതയിലേക്ക് വിളിക്കപ്പെട്ടവർ

ബേബി മാത്യു
പള്ളത്ത് (നമ്പ്യാപറമ്പിൽ)
പഴുക്കാകുളം കുരിശുപള്ളി
മരണം : 08/12/2023

ജോസ് ജോൺ
വെട്ടുമല
ആർഷാലയം
മരണം : 24/12/2023




SMAM മൂന്നാം ഘട്ടത്തിൽ അനുവദിച്ച കാർഷിക യന്ത്രങ്ങൾ
വികാരിയച്ചൻ ഗുണഭോക്താക്കൾക്ക് നൽകുന്നു.



കോതമംഗലം സോഷ്യൽ സർവീസ് സൊസൈറ്റി നിർമ്മിക്കുന്ന ഉത്പന്നങ്ങളുടെ
വിപണനോദ്ഘാടനം ഡയറക്ടർ ഫാ. ജോർജ് പൊട്ടയ്ക്കൽ നിർവഹിക്കുന്നു.

ചോദ്യങ്ങൾ റോമ 11 മുതൽ 16 വരെ അദ്ധ്യായങ്ങളിൽ നിന്നാണ്.
ഉത്തരങ്ങൾ ലഭിക്കേ അവസാന തിയതി ജനുവരി 20

1. എങ്ങനെയുള്ളവനാണ് നിയമം പൂർത്തീകരിച്ചു കഴിഞ്ഞിരിക്കുന്നത്?
2. യഥാർത്ഥമായ ആരാധന എന്താണ്?
3. വി. പൗലോസ് ശ്ലീഹായുടെ ബന്ധുക്കൾ ആരെല്ലാമാണ് വചനം പറയുന്നത്?
4. ആരുടെയെല്ലാം നാമത്തിലാണ് ലേഖകൻ പ്രാർത്ഥനാ സഹായം യാചിക്കുന്നത്?
5. പരിശുദ്ധാത്മാവിന്റെ ശക്തിയാൽ സമൃദ്ധി പ്രാപിക്കുന്നതെന്ത്?
6. എപ്രകാരമാണ് അന്യോന്യം വചനം പറയുന്നത്?
7. അവൾ എന്റെയും അമ്മയാണ് ആരുടെ അമ്മയെക്കുറിച്ചാണ് ലേഖകൻ പരാമർശിക്കുന്നത്?
8. നിയമത്തിന്റെ പൂർത്തീകരണം എന്താണ്? എന്തുകൊണ്ട്?
9. എന്തുകൊണ്ടാണ് ലേഖകൻ തന്റെ ശുശ്രൂഷയെ പ്രശംസിക്കുന്നത്?
10. പ്രാർത്ഥനയിൽ എപ്രകാരമുള്ളവരായിരിക്കണം?

## കഴിഞ്ഞ ലക്കം ഉത്തരങ്ങൾ

1. നിയമത്തിന്റെ അഭാവത്തിൽ
2. വിളിച്ചു വിളിച്ചവരെ നീതീകരിച്ചു. നീതികരിച്ചവരെ മഹത്വപ്പെടുത്തി
3. ഹോസിയ, ഏശയ്യ
4. ദൈവത്തിന്റെ വചനം
5. വിശ്വസിക്കുന്ന ഏതൊരുവനും നീതീകരിക്കപ്പെടുന്നതിന് ക്രിസ്തു നിയമത്തെ പൂർത്തീകരിച്ചിരിക്കുന്നു.
6. വചനം
7. ദൈവത്തിനു വേ
8. ആദത്തിന്റെ കാലം മുതൽ മോശയുടെ കാലം വരെ
9. കർത്താവ് കുറ്റം ചുമത്താത്തവൻ
10. റോമ 3:18

## ബൈബിൾ ക്വിസ് വിജയികൾ

1. ലിസി ജോസ് കുന്നത്ത്
2. മേരി ജോസഫ് കളപ്പുരയിൽ
3. ഏലമ്മ ബേബിച്ചൻ പാമ്പൂരിയ്ക്കൽ
4. റീന ജോസ് കൊരട്ടിഷാവിൽ
5. എൽസി ജോസഫ് കുന്നുമ്മേൽ
6. ലൂസി ഫ്രാൻസിസ് കോട്ടയിൽ
7. എൽസി ബേബി കുറുമ്പലത്ത്
8. മേരി ജോർജ് പാലക്കാട്ട്
9. സോഫിയ അബ്രാഹം ആക്കപ്പടിയ്ക്കൽ

BIBLE QUIZ

# വാർഡ് വാർഷികം

| തീയതി | ദിവസം | വാർഡ് | ഭവനം |
|---|---|---|---|
| 02/01/2024 | ചൊവ്വ | തെള്ളിക്കുഴി | ആക്കപ്പടിക്കൽ ബിനോയി വർഗീസ് |
| | | കുന്നം | അറുകാലിൽ മാത്യു ജോർജ് |
| 06/01/2024 | ശനി | പഴുക്കാകുളം കുരിശുപള്ളി | കളപ്പുരക്കുന്നേൽ മാത്യു ജോൺ |
| | | ഇടികിട്ടി | മുയ്യ്ക്കൽ ജെയിൻ മാത്യു |
| | | ഞരിക്കുഴ ബി | നെടുമല ജോസഫ് യോഹന്നാൻ |
| 07/01/2024 | ഞായർ | പാങ്ങാംപാറ | കരിങ്ങാട്ടിൽ ബിനേഷ് പോൾ |
| | | കുന്നം കുരിശുപള്ളി | പള്ളിക്കാമറ്റത്തിൽ ജോസഫ് പീറ്റർ |
| | | പട്ടയംകവല | തുറയ്ക്കൽതെക്കേക്കര മൈക്കിൾ |
| | | പഴുക്കാകുളം ഈസ്റ്റ് | കുഴികാട്ടുകുന്നേൽ സെബാസ്റ്റ്യൻ ജോർജ് |
| 13/01/2024 | ശനി | കനാൽ | കുന്നുമ്മേൽ കെ. വി. ജോർജ് |
| | | കനാൽ ഈസ്റ്റ് | കുഴികണ്ടത്തിൽ ആഗ്നസ് |
| | | വടക്കുംമുറി | ചെമ്പരത്തി ജോർജ് |
| | | കോണിയ്ക്കാപ്പാറ | മുളേളിക്കൽ ജോയി |
| | | ഞാറക്കാട് എ | കല്ലികക്കുടിയിൽ ജോളി മാത്യു |
| 14/01/2024 | ഞായർ | ഞരിക്കുഴ സ്കൂൾ | പള്ളിക്കമാലിൽ ജെയിംസ് |
| | | കനാൽ നോർത്ത് | കൊച്ചുപുത്തൻപുരയിൽ സിബു പീറ്റർ |
| | | താബോർ | തുറയ്ക്കൽ ജോസ് |
| | | ഹൈസ്കൂൾ | വീരുവേലിൽ തങ്കച്ചൻ |
| 21/01/2024 | ഞായർ | മണ്ണാട്ടുകവല | ചിറമാട്ടേൽ ഓമന മാത്യു |
| | | മുതലക്കോടം | പുത്തൻപുരയിൽ ബേബി ജോസഫ് |
| | | പഴുക്കാകുളം | ഇരണയ്ക്കൽ ഇ. വി. കുര്യൻ |
| | | മാത്തിക്കം | മാത്തിക്കണ്ടത്തിൽ എം. വി. ജോസഫ് (കുഞ്ഞാച്ചൻ) |
| | | സാപിയൻസ് | കട്ടപ്പുറം സെബാസ്റ്റ്യൻ |

| തീയതി | ദിവസം | വാർഡ് | ഭവനം |
|---|---|---|---|
| 27/01/2024 | ശനി | കുന്നം പടിഞ്ഞാറ് എ | കൊച്ചുപറമ്പിൽ കെ. പി. മാത്യു |
| | | കാരുപാറ | മാളിയേക്കൽ എം. യു. പോൾ |
| | | മുതലക്കോടം നോർത്ത് | ഇടക്കരപഴയപുരയിൽ പി. ജെ. ജോസഫ് |
| | | ഞെരിക്കുഴ എ | ടോം. ജെ. കല്ലറയ്ക്കൽ |
| 28/01/2024 | ഞായർ | സാൻജോ | അരഞ്ഞാണിയിൽ പോൾസൺ |
| | | ചിറകം | പുതുക്കാട്ടുവെട്ടിവിളയിൽ ആന്റണി പോൾ രാജ് |
| | | ഞാറുക്കുറ്റി | തോട്ടത്തിമ്യാലിൽ മാത്യു റ്റി. പി. |
| | | ശാസ്താംപാറ | പാറയിൽ ചാക്കോ |
| 03/02/2024 | ശനി | സ്റ്റേഡിയം | മാത്യു ജോൺ മുരിങ്ങമറ്റം |
| | | കുന്നം ഈസ്റ്റ് | നടുക്കരയിൽ ഏലിക്കുട്ടി അഗസ്റ്റിൻ |
| | | കൊതകുത്തി | റാത്തപ്പിള്ളിൽ പി. വി. ജോസ് |
| | | മുതലക്കോടം സൗത്ത് | ജോർജ് ജോസഫ് നെടുങ്കല്ലേൽ |
| 04/02/2024 | ഞായർ | അല്ലായിക്കല്ലും | തോട്ടത്തിൽ ജോർജ് ഉലഹന്നാൻ |
| | | പെട്ടേനാട് എ | മാളിയേക്കൽ കൊച്ചുറാണി വർഗീസ് |
| | | ആർഷമറ്റം | ഞാറുകുന്നേൽ ജെയിംസ് |
| | | ഉരുളക്കോട് | പടിഞ്ഞാറയിൽ പി. റ്റി. ജോസഫ് |
| | | ഞരളക്കാട് ബി | പാറത്തലയ്ക്കൽ ജോർജ് ജെയിംസ് |
| | | സ്നേഹാലയം | ജെന്നി പെരികിലത്ത് |
| 10/02/2024 | ശനി | കാരിക്കോട് | നടുക്കുടിയിൽ ജോസ് |
| | | മുതലക്കോടം ടൗൺ | കുന്നുമ്മേൽ ഡൊമിനിക് ജോർജ് |
| | | ഏഴുമുട്ടം | തുറയ്ക്കൽ റ്റി. യു. ഫ്രാൻസിസ് |
| | | പെട്ടേനാട് ബി | കാവുംപുറത്ത് ജോയി |
| | | മാവിൻചുവട് | കൊരങ്ങല ആന്റണി |



# തിരുവചന വായനകൾ

## ജനുവരി 2024

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | **1**<br>ഏഫേ<br>4:17 – 24<br>മത്താ<br>6:25 – 34 | **2**<br>ഹെബ്രാ<br>3:1 – 6<br>യോഹ<br>1:19 – 28 | **3**<br>1 കോറി<br>3:5 – 9<br>മത്താ<br>5:1 – 12 | **4**<br>റോമ<br>3:21 – 26<br>ലൂക്കാ<br>3:1 – 9 | **5**<br>റോമ<br>16:17 – 20<br>ലൂക്കാ<br>1:39 – 45 | **6**<br>2 തിമോ<br>1:6 – 10<br>മർക്കോ<br>1:1 – 11 |
| **7**<br>റോമ<br>9:30 – 33<br>ലൂക്കാ<br>1:25 – 33 | **8**<br>2 കോറി<br>12:1 – 10<br>മത്താ<br>4:1 – 11 | **9**<br>റോമ<br>1:13 – 17<br>ലൂക്കാ<br>4:14 – 22 | **10**<br>2 തിമോ<br>3:10 – 17<br>ലൂക്കാ<br>4:23 – 30 | **11**<br>ഫിലി<br>1:12 – 18<br>യോഹ<br>3:22 – 30 | **12**<br>റോമ<br>12:1 – 11<br>മത്താ<br>14:1 – 12 | **13**<br>വെളി<br>4:1 – 8<br>ലൂക്കാ<br>7:18 – 23 |
| **14**<br>വെളി<br>1:4 – 8<br>യോഹ<br>8:21 – 30 | **15**<br>ഏഫേ<br>1:15 – 23<br>യോഹ<br>3:31 – 36 | **16**<br>1യോഹ<br>3:1 – 10<br>മർക്കോ<br>1:18 – 28 | **17**<br>വെളി<br>19:5 – 10<br>യോഹ<br>2:1 – 12 | **18**<br>ഏഫേ<br>4:1 – 6<br>യോഹ<br>17:6 – 11 | **19**<br>ഗലാ<br>1:11 – 24<br>യോഹ<br>21:15 – 19 | **20**<br>2 തിമോ<br>2:1 – 5<br>മത്താ<br>10:24 – 33 |
| **21**<br>ഫിലി<br>3:4 – 16<br>മർക്കോ<br>3:7 – 19 | **22**<br>റോമ<br>2:1 – 9<br>മത്താ<br>9:9 – 13 | **23**<br>യാക്കോ<br>5:13 – 20<br>യോഹ<br>1:29 – 34 | **24**<br>ഏഫേ<br>3:8 – 13<br>യോഹ<br>15:9 – 17 | **25**<br>3 യോഹ<br>1:1 – 8<br>ലൂക്കാ<br>15:1 – 10 | **26**<br>വെളി<br>4:1 – 11<br>ലൂക്കാ<br>8:4 – 15 | **27**<br>1 കോറി<br>1:18 – 25<br>മത്താ<br>5:13 – 16 |
| **28**<br>ഹെബ്രാ<br>6:1 – 12<br>യോഹ<br>4:1 – 26 | **29**<br>1 കോറി<br>5:17 – 21<br>യോഹ<br>4:27 – 30 | **30**<br>ഏഫേ<br>2:14 – 22<br>യോഹ<br>14:27 – 31 | **31**<br>1 കോറി<br>7:29 – 35<br>മത്താ<br>18:1 – 5 | | | |

# സ്നേഹസ്മരണയ്ക്ക്

## ഒന്നാം ചരമവാർഷികം



# എൽസി വർഗീസ്

## കുളങ്ങര

### മുതലക്കോടം

**മരണം : 15/01/2023**

**പുനരുത്ഥാനവും ജീവനും ഞാനാകുന്നു.
എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും
ജീവിക്കും. (യോഹ. 11:25)**

# സ്നേഹസ്മരണയ്ക്ക്

## 41-ാം ചരമദിനം



# റോബിൻ ആന്റണി

## ഓലിക്കരമയിൽ

മുതലക്കോടം

ജനനം : 13.07.1979 മരണം : 25.11.2023

പിതാവേ അങ്ങയുടെ കരങ്ങളിൽ എന്റെ ആത്മാവിനെ
ഞാൻ സമർപ്പിക്കുന്നു. (ലൂക്കാ. 23:46)

# CAROL NIGHT









അനുഗൃഹീത വിവാഹങ്ങൾ

m4marry.com

Where *families* find each other

www.m4marry.com | Register for free

Ph : 9074556554

Download the App now

GIVE A MISSED CALL : 78588 74999